നം.കെ.എസ്.എ-കെ.ടി.എം.പി-14/1338 /2017 തീയതി 15.09.2017

# കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 11.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ്.ഷൈജു, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.08.2017 മുതൽ 11.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി കെ.എ.അനിതാകുമാരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാജിമോൻ പി. ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. കെ.സി.ജെയിംസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | സന്തോഷ് കുമാർ കെ.ബി. | 01.04.2016 മുതൽ 23.04.2016 വരെ |
| | ജോബോയി ജോൺ (ഇൻ -ചാർജ്) | 24.04.2016 മുതൽ 17.05.2016 വരെ |
| | സന്തോഷ് കുമാർ കെ.ബി. | 18.05.16 മുതൽ 14.07.16 വരെ |
| | ജോബോയി ജോൺ (ഇൻ -ചാർജ്) | 15.7.16 മുതൽ 2.9.16 വരെ |
| | ജോസുകുഞ്ഞ് പി.ജെ | 3.9.16 മുതൽ 8.12.16 വരെ |
| | ജോബോയി ജോൺ (ഇൻ -ചാർജ്) | 9.12.16 മുതൽ 8.1.17 വരെ |
| | ജോസുകുഞ്ഞ് പി.ജെ | 9.1.17 മുതൽ 31.3.17 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഹണി ലിസ ചാക്കോ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനോയി ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ. സജിത് ഡി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അനിറ്റ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി പി.ജി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ജോൽസന സദാനന്ദൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജി.ഹരികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അനിയൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ഗിരിജ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തു നികുതി – സഞ്ചയസോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രിയിലെ അപാകതകൾ |
| 2-3 | ഉപയോഗക്രമം മാറ്റി വസ്തുനികുതി ഇളവ് നേടി റിസോർട്ടുകൾ പ്രവർത്തിക്കുന്നു |

| | |
|---|---|
| 2-4 | 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചില്ല |
| 2-5 | സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾക്ക് വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി |
| 2-6 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-7 | ഡി & ഒ ലൈസൻസ് അപേക്ഷകൾ – അപാകതകൾ |
| 2-8 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ – ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് പണമായി ഇടപാടുകാർക്ക് നൽകി |
| 3-2 | മലമേൽ അങ്കണവാടി നിർമ്മാണം |
| 3-3 | ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതി – ഗുണഭോക്താക്കൾക്ക് വാഹനം ലഭ്യമായിട്ടില്ല |
| 3-4 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-5 | വിവിധ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പ്രോജക്ടുകൾ – അടച്ച തുകയുടെ മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല |
| 3-6 | ഷീ പാഡ് പദ്ധതി – തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പായില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 29.03.2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3027715 |
| വരവ് | 80472530 |
| ആകെ | 83500245 |
| ചെലവ് | 80713456 |
| നീക്കിയിരിപ്പ് | 2786789 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 24.06.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 10.08.2017 |

## 1-4 സാമ്പത്തിക വിശകലനം

2016-17 റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3996537 |
| വരവ് | 56610936 |
| ആകെ | 60607473 |
| ചെലവ് | 52304549 |
| നീക്കിയിരിപ്പ് | 8302924 |

## 1-5 ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | തിരികെ എടുത്തത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6039505 | 6039505 | 5537927 | 501578 | 91.69 |
| വികസനഫണ്ട് എസ്.സി.പി. | 0 | 865767 | 865767 | 865398 | 369 | 99.96 |
| വികസനഫണ്ട് ടി.എസ്.പി | 0 | 904293 | 904293 | 904293 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9789552 | 9789552 | 8000629 | 1788923 | 81.73 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 2257594 | 297161 | 88.37 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3387354 | 3387354 | 2824792 | 562562 | 83.39 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1796441 | 1796441 | 1758132 | 38309 | 97.87 |

## 1-6 പദ്ധതി അവലോകനം.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) – അവലോകനം

പന്ത്രണ്ടാം പദ്ധതിക്കാലത്തെ വികസനഫണ്ടിന്റെ വർഷം തിരിച്ചുള്ള വരവ്-ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 5732470 | 4325254 | 75% |
| 2013-14 | 7247216 | 6654866 | 92% |
| 2014-15 | 2519702 | 2492220 | 99% |
| 2015-16 | 7425816 | 7056843 | 95% |
| 2016-17 | 7809565 | 7307618 | 94% |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖപ്രകാരം സമഗ്രവികസനകാഴ്ചപ്പാടിലൂന്നി വിവിധമേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും മേഖലാമുൻഗണനാക്രമം പാലിക്കുന്നതിനും ശ്രമം നടത്തിയിട്ടുണ്ടെന്ന് (2012-17) കാലയളവിലെ ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ വ്യക്തമാക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രാധാന്യം നൽകി നിരവധി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. സമാനരീതിയിലുള്ള ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് ജനസാന്ദ്രത കുറവാണെങ്കിലുംമാലിന്യസംസ്കരണത്തിന് സ്ഥിരവും ശാസ്ത്രീയവുമായ സംവിധാനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

തനതുവരുമാനം താരതമ്യേന കുറവാണെങ്കിലും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനോ, വിഭവസമാഹരണം നടത്തുന്നതിനോ വേണ്ടത്ര ശ്രമം നടത്തിയിട്ടില്ല.പ്രധാന വിനോദസഞ്ചാരകേന്ദ്രമായ വാഗമണ്ണിലേയ്ക്കുള്ള പ്രവേശനകവാടമാണ് തീക്കോയി എങ്കിലും വിനോദസഞ്ചാരത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് വർഷം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | | 101 | | 8 | 6 | 89.52 |

2016-17 വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 31185171/- രൂപയും ചെലവ് 22784065/- രൂപയുമാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34.41 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1658390 | 2971195 | 1312805 | 79.16(+) |
| നികുതിയേതര വരവുകൾ | 231345 | 280908 | 49563 | 21.42(+) |
| മറ്റു വരവുകൾ | 3070581 | 100159 | 2970422 | 96.74(-) |
| ആകെ | 4960316 | 3352262 | 1608054 | 34.41(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70440 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 1573770 | 619 |
| വിധവാപെൻഷൻ | 3181530 | 862 |
| വാർദ്ധക്യകാലപെൻഷൻ | 3982260 | 1282 |
| വികലാംഗപെൻഷൻ | 1142755 | 360 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 233200 | 64 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017 തീയതി 3.30 പി.എം.-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41469 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമായിരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2017 | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.11.2006-16.11.06 | 1997-98 to 2005-06 | LBA(HQ)/II/8A/1068/ 917/13.12.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യപത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 28.02.2014-ലെ എ-1/14 എന്ന നമ്പരായി 660/- രൂപ 'Directly Debited by Bank' നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ സാംഖ്യയിൽ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3) സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 2-3 മുതൽ 2-5 വരെ കാണുക).

## 2-2 വസ്തു നികുതി- സഞ്ചയ സോഫറ്റ് വെയറിൽ ഡേറ്റാ എൻട്രിയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. സഞ്ചയ – സാംഖ്യ മാപ്പിംഗം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ വിവരങ്ങൾ സാംഖ്യയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികിതി നിർണ്ണയത്തിൽ വലിയ അപാകതകൾ സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്.( വാസഗൃഹം എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിൽ റിസോർട്ട് പ്രവർത്തിക്കുന്ന പ്രത്യേക പരാമർശം ഉൾപെടുത്തിയിട്ടുണ്ട്)

2) തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്താതെ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തി (1/169 നമ്പർകെട്ടിടം പ്രത്യേക പരാമർശം ഉൾപെടുത്തിയിട്ടുണ്ട്)

3) സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിന് സ്കൂളുകൾ എന്ന് രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട് ( 2/238 നമ്പർകെട്ടിടം പ്രത്യേക പരാമർശം ഉൾപെടുത്തിയിട്ടുണ്ട്)

4) വാണിജ്യാവശ്യത്തിനുള്ള വലിയ കെട്ടിടങ്ങളെ നികുതി ഇളവ് നൽകുന്നതിനായി പലതായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. (ഉദാ. വാർഡ് X11 ൽ സാന്റോ സി പുല്ലാട്ട്& ജോസ് പുല്ലാട്ട് എന്നിവരുടെ ഉടമസ്ഥതയിലുള്ളതും 111A മുതൽ 111Q വരെ നമ്പരുകൾ നൽകിയിട്ടുള്ള 305ച.മീററർ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം, വാർഡ് X11 ൽ ട്രസ്റ്റി സെന്റ്.മേരീസ് ചർച്ച് എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 270 മുതൽ 292 വരെ നമ്പരുകൾ നൽകിയിട്ടുള്ള 389.73ച.മീററർ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം,വാർഡ് 2 ൽ ജോസ് സെബാസ്റ്റ്യൻ പാമ്പ്ലാനിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 342 Aമുതൽ M വരെ (342C ഒഴികെ) നമ്പരുകൾ നൽകിയിട്ടുള്ള കെട്ടിടം.

5) താരതമ്യേന വലിയ കെട്ടിടങ്ങ്ൾക്കും കാർഷികാവശ്യങ്ങൾക്കുള്ള ഷെഡുകളുടെ നിർവചനത്തിൽ നികുതി ഇളവ് നൽകിയിട്ടുണ്ട് ( ഉദാ. വാർഡ് V ൽ സാബു പിണമറുകിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും 47 എന്ന നമ്പർ നൽകിയിട്ടുള്ള 18ച.മീററർ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം)

6) പോസ്റ്റോഫീസ് കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകി.( വാർഡ് V11ൽ 235A നമ്പർകെട്ടിടം)

ഇപ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് വലിയ അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. വസ്തു നികതി പരിഷ്കരിക്കുന്നതിനായി നടത്തിയ ഫീൽഡ് തല പരിശോധനയിൽ യഥാർത്ഥ വിവരങ്ങൾ

ശേഖരിക്കുകയോ, ശേഖരിച്ചവ രേഖപ്പെടുത്തി പഞ്ചായത്തിൽ സൂക്ഷിക്കുകയോ ചെയ്യാതെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചതിനാലാണ് ഇത്തരത്തിൽ അപാകതകൾ സംഭവിച്ചത്.ഫീൽഡ് തല പരിശോധന വീണ്ടും നടത്തേണ്ട അവസ്ഥയാണ് നിലവിലുള്ളത് എന്ന് ഓഡിറ്റ് സമാപനയോഗത്തിൽ ജീവനക്കാർ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഉപയോഗക്രമം മാറ്റി വസ്തു നികുതി ഇളവ് നേടി റിസോർട്ടുകൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷം ഏഴ് റിസോർട്ടുകൾക്ക് പഞ്ചായത്ത് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഇവയിൽ പല കെട്ടിടങ്ങളും ഉപയോഗക്രമം തെറ്റായി കാണിച്ച് വസ്തു നികുതിയിൽ ഇളവ് വാങ്ങിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/ സ്ഥാപനത്തിന്റെ വിവരം | വാർഡ് നമ്പർ / കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | നികുതി നിർണ്ണയം നടത്തിയതിന് കാണിച്ചിട്ടുള്ള ഉപയോഗക്രമം | നികുതി നിർണ്ണയം നടത്തിയ നികുതി നിരക്ക് ( ച. മീറ്ററിന്) | നിർണ്ണയിച്ച് ഈടാക്കിയ അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|
| 1 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 121 | 57 | വാസഗൃഹം | 6 രൂപ | 342 രൂപ |
| 2 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 122 | 18 | വാസഗൃഹം | 6 | 108 രൂപ |
| 3 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 123 | 13 | വാസഗൃഹം | 6 | 78 രൂപ |
| 4 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/117 | 13 | വാസഗൃഹം | 6 | 78 രൂപ |
| 5 | ദീപ ഷാജി ഞള്ളംപുഴ തീക്കോയി | V11/ 249 | 114.7 | 100ച.മീറ്റർ വരെ തറ വിസ്തീർണ്ണംഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ മുതലായവ | 40 | 4588 രൂപ |
| 6 | സിന്ധു മാത്യു , സിൽവർസ്പൂൺ | V11/255 | 342 | അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം മുതലായവ | 30 | 10260 രൂപ |

മേൽ പ്രസ്താവിച്ച കെട്ടിടങ്ങൾ അവയുടെ ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തിയിരുന്ന എങ്കിൽ നിർണ്ണയിക്കേണ്ട നികുതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/ സ്ഥാപനത്തിന്റെ വിവരം | വാർഡ് നമ്പർ / കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | യഥാർത്ഥ ഉപയോഗക്രമം | നികുതി നിർണ്ണയം നടത്തേണ്ട നികുതി നിരക്ക് (ച.മീറ്ററിന്) | നിർണ്ണയിച്ച് ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | നികുതി നിർണ്ണയത്തിൽ ഉണ്ടായ വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 121 | 57 | റിസോർട്ട് | 80 രൂപ | 4560 രൂപ | 4218രൂപ |
| 2 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 122 | 18 | റിസോർട്ട് | 80 രൂപ | 1440 രൂപ | 1332 രൂപ |
| 3 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/ 123 | 13 | റിസോർട്ട് | 80 രൂപ | 1040 രൂപ | 962 രൂപ |
| 4 | ഡോ. മേഴ്സി മുരിക്കൻ, ആഷ സദൻ | V11/117 | 13 | റിസോർട്ട് | 80 രൂപ | 1040 രൂപ | 962 രൂപ |
| 5 | ദീപ ഷാജി ഞള്ളംപുഴ തീക്കോയി | V11/ 249 | 114.7 | 100ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ മുതലായവ | 80 രൂപ | 9176 രൂപ | 4588 രൂപ |
| 6 | സിന്ധു മാത്യു , സിൽവർസ്പൂൺ | V11/255 | 342 | അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം മുതലായവ | 80 രൂപ | 27360 രൂപ | 17100 രൂപ |
| | ആകെ | | | | | | 29162 രൂപ |

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി 11.08.17-ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ടം സംഭവിച്ച 29,162/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് പലിശസഹിതം

ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായി നികുതി നിർണ്ണയം നടത്തിയ സെക്രട്ടറി നഷ്ടത്തിന് ഉത്തരവാദിയാകുന്നതാണ്.

## 2-4 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/11 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 200 മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 50 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 10-01-12-ലെ 2-(1) നമ്പർ തീരുമാനം). എന്നാൽ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് 200ച.മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന് ബാധകമായ 50 രൂപയ്ക്ക് പകരം 100ച.മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമായ 40 രൂപ നിരക്കിൽ നികുതി കണക്കാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ/ കെട്ടിട നമ്പർ ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗം | തറ വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച നികുതി വർദ്ധന/ ഇളവ് ഉൾപ്പടെ (രൂപ) | നിർണ്ണയിക്കേണ്ട നികുതി വർദ്ധന/ ഇളവ് ഉൾപ്പടെ (രൂപ) | കുറവ് |
|---|---|---|---|---|---|---|
| | 1X ( വേലത്തുശ്ശേരി) / 169, ഷീല കുര്യൻ, പടികര വേലത്തുശ്ശേരി | വാണിജ്യാവശ്യം | 247 | 9880 | 12350 | 2470 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/21.08.17 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾക്ക് വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി.

താഴെ പറയുന്ന സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ വിവരം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ച.മീറ്ററിൽ | നികുതി നിർണ്ണയിച്ച ഉപയോഗക്രമം |
|---|---|---|---|
| പി.എസ്.മാത്യു, പാമ്പ്ലാനിയിൽ | 2/ 238 | 222.75 | വിദ്യാഭ്യാസ ആവശ്യം |
| ടി.ജെ.ചാക്കോ, താന്നിക്കൽ | V1/55 | 40 | വിദ്യാഭ്യാസ ആവശ്യം |
| എം.എസ്. പരീത്, മഠത്തിൽ | X1/ 266A | 347.88 | വിദ്യാഭ്യാസ ആവശ്യം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (5/ 11.05.17) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിന് അനുസരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും, ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-6 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ത്രിവേണി സ്റ്റോർ വെള്ളികുളം | രണ്ട് അർദ്ധവർഷവും |
| 2 | നന്മ സ്റ്റോർ വെള്ളികുളം | രണ്ട് അർദ്ധവർഷങ്ങളും |
| 3 | സെന്റ് ജോസഫ് സി.ബി.എസ്.സി മോഡൽ സ്കൂൾ | രണ്ട് അർദ്ധവർഷങ്ങളും |
| 4 | നീതി സ്റ്റോർ | ഒന്നാം അർദ്ധവർഷം |
| 5 | ഇൻഡോ അമേരിക്കൻ ഇന്റർ നാഷണൽ സ്കൂൾ | രണ്ട് അർദ്ധവർഷങ്ങളും |
| 6 | മീനച്ചിൽ ഈസ്റ്റ് അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ടൗൺ ശാഖ | രണ്ടാം അർദ്ധവർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/11.08.17ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകൾ - അപാകതകൾ

ലൈസൻസിനായി ലഭ്യമാകുന്ന അപേക്ഷകൾ യഥാവിധി പരിശോധിക്കുകയോ സ്ഥലപരിശോധന നടത്തുകയോ ചെയ്യാതെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുകയാണ് ചെയ്യുന്നത്. അപേക്ഷകളിൽ നിർബന്ധമായി ഉണ്ടാകേണ്ട വിവരങ്ങൾ (ലൈസൻസ് പുതിയതോ പുതുക്കുന്നതിനോ, വിറ്റുവരവ്, വ്യാപാരത്തിന്റെ സ്വഭാവം, സ്ഥാപനത്തിന്റെ പേര്) പോലും ചേർക്കുന്നില്ല. തൻമൂലം സ്ഥാപനത്തെ സംബന്ധിക്കുന്ന യഥാർത്ഥ വിവരങ്ങൾ ലഭിക്കുന്നില്ല. എല്ലാ അപേക്ഷകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ലൈസൻസ് പുതുക്കുന്ന സംഗതികളിൽ സ്ഥല പരിശോധന നടത്താത്തതിനാൽ സ്ഥാപനത്തിൽ മുൻ ലൈസൻസ് നേടിയതിന് ശേഷം മാറ്റങ്ങൾ വരുത്തുന്നുണ്ടോ എന്ന് വ്യക്തമല്ല. പല അപേക്ഷകളിലും വിറ്റുവരവ് ചേർക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന നിരവധിയായ സ്ഥാപനങ്ങൾ ലൈസൻസ് നേടാതെയാണ് പ്രവർത്തിക്കുന്നത്. (ഉദാ. നെല്ലുവേലിൽ വുഡ് ഇൻഡസ്ട്രീസ് സോമിൽ, അറ്റ് പ്രോ ഓഡിയോ&ലൈറ്റിംഗ് കമ്പനി) ലൈസൻസിനായി സമീപിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന രീതി തുടരുന്നതിനാൽ ഈയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരമല്ല ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. തൻവർഷം 96 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം 522 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾ എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാലാണ് ഇപ്രകാരമുള്ള അപാകതകൾ സംഭവിക്കുന്നത്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സ്ഥാപനങ്ങൾക്ക് സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പൊതുമരാമത്ത് പ്രവർത്തികളുടെ E-ടെണ്ടർ - ടെണ്ടർ ഫീ, EMD, സെക്യൂരിറ്റി നിക്ഷേപം എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, EMD, സെക്യൂരിറ്റിനിക്ഷേപം എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയത്തിന്റെ അക്കൗണ്ടിൽ നിന്ന്

പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | PAC | ടെണ്ടർ ഫീ | EMD |
|---|---|---|---|
| നം.1/17<br>മലമേൽ അങ്കണവാടി നിർമ്മാണം | 988000 | 2*3000 | 2*25000 |
| നം.80/17<br>തീക്കോയി വാഗമറ്റം കല്ലേക്കുളം റോഡ് റീടാറിംഗ് | 789290 | 2*1680 | 2*19800 |
| നം.109/17<br>പഞ്ചായത്ത് ഓഫീസ് ഒന്നാംനില പൂർത്തീകരണം | 885705 | 2*1890 | 2*22200 |
| നം.103/17<br>പഞ്ചായത്ത് ഓഫീസ് ഐ.എസ് ഒ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ നവീകരണപ്രവർത്തനങ്ങൾ | 1174551 | 2*2675 | 2*29364 |

ഇ-ടെണ്ടർ സമർപ്പിച്ച മേല്പറഞ്ഞ പ്രവർത്തികളുടെ ടെണ്ടർ ഫീ, EMD, സെക്യൂരിറ്റിനിക്ഷേപം എന്നിവ സർക്കാർ ഉത്തരവ്(എം.എസ്)318/13/തസ്വഭവ തീയതി 28.9.13 ൽ നിർദ്ദേശിക്കും പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ പദ്ധതികൾക്ക് ഗുണ.വിഹിതം ചെലവഴിച്ചത്-പണമായി ഇടപാടുകാർക്ക് നൽകി

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നാലു പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ ഗുണഭോക്തൃവിഹിതമായി ചെലവഴിച്ച തുക പണമായി ഇടപാടുകാർക്ക് നൽകിയിരിക്കുന്നു. ജി.ഒ(പി)നം.177/06 /ഫിൻ/12-4-06 ഖണ്ഡിക 8(2) പ്രകാരം 1000/-രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾ ഡി.ഡി മുഖേനയായിരിക്കണം എന്ന് നിർദ്ദേശമുള്ളതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി/നമ്പർ | ഗു.വി. ചെലവ് തുക | കൈപ്പറ്റിയത് |
|---|---|---|---|
| 1 | 027/17 തെങ്ങ് കൃഷി വികസനം | 22875/- | റെയ്ഡ്കോ, കോട്ടയം |
| 2 | 028/17,ചെടിച്ചട്ടിയിൽ പച്ചക്കറിക്കൃഷി | 150000/- | പനച്ചിക്കൽ നേഴ്സറി |
| 3 | 029/17പച്ചക്കറി തൈ വിതരണം | 5000/- | അഗ്രോ സർവ്വീസ് സെന്റർ, കോലാനി |
| 4 | 030/17 കുറിയ ഇനം തെങ്ങിൻ തൈ, കമുക് തൈ വിതരണം | 33375/- | കുറ്റിയാനിക്കൽ നേഴ്സറി |

സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് സാമ്പത്തിക വിനിമയങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 മലമേൽ അങ്കണവാടി നിർമ്മാണം

എ) - നബാർഡ് വിഹിതം ലഭിച്ചിട്ടില്ല

നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്താകെ 506 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ

ഉത്തരവ് (ആർ.ടി)നം. 130/14 എസ് ജെ.ഡി തീയതി 19.12.14 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മലമേൽ അങ്കണവാടി നിർമ്മിക്കുന്നതിന് താഴെപ്പറയും പ്രകാരം പ്രോജക്റ്റ് രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം താഴെച്ചേർക്കുന്നു.

അടങ്കൽ

നബാർഡ് വിഹിതം - 688000

പഞ്ചായത്ത് വിഹിതം- 300000 (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)

ആകെ - 988000

കരാറുകാരൻ - സിബി ഫിലിപ്പ്, വരിക്കാനിക്കൽ

പ്രവൃത്തിയുടെ ആകെ വേലമൂല്യം 946094/- രൂപയാണ്. ഇതിൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ കോൺട്രാക്ടർക്ക് അനുവദനീയമായ 134860/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.27/16-17 തീയതി.24.3.17) എന്നാൽ നബാർഡ് വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. തുക ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)<u>സ്ഥലം പോക്കുവരവു നടത്തിയിട്ടില്ല</u>

ശ്രീ.ബൈജു ജേക്കബ്, വയലിക്കുന്നേൽ, ഇലയ്ക്കാട് എന്നയാൾ സറണ്ടർ ചെയ്തു നൽകിയ പൂഞ്ഞാർ തെക്കേക്കര നടുഭാഗം വില്ലേജിൽ സർവ്വേ നം.23/1ൽ പ്പെട്ട 3 സെന്റ് സ്ഥലത്താണ് അങ്കണവാടി നിർമ്മിച്ചിരിക്കുന്നത്. എന്നാൽ സ്ഥലം പോക്കുവരവു നടത്തിയിട്ടില്ല. സ്ഥലം സെക്രട്ടറിയുടെ പേരിൽ അടിയന്തിരമായി പോക്കുവരവു നടത്തി പഞ്ചായത്ത് ഉടമസ്ഥതയിലാക്കേണ്ടതാണ്.

## 3-3 ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതി--ഗുണഭോക്താക്കൾക്ക് വാഹനം ലഭ്യമായിട്ടില്ല.

ഗ്രാമസേവകൻ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതി (038/17) നടപ്പാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക പിൻവലിച്ചിട്ടുണ്ട്.

| ബിൽ നമ്പർ, തീയതി | തുക |
|---|---|
| 25/16-17, 27-3-17 | 100000/- |
| 30/16-17, 27-3-17 | 50000/- |

എന്നാൽ ഗുണഭോക്താക്കൾക്ക് വാഹനം നാളിതുവരെയും ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) നൽകിയ മറുപടിയിൽ പ്രസ്തുത പദ്ധതി ബാങ്ക് ലോണുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതിയായതിനാൽ തുക ബാങ്കിലേക്ക് നൽകിയെന്നും എസ്.ബി.റ്റി ബാങ്ക് എസ്.ബി ഐയിൽ ലയിപ്പിച്ചതുമായി ബന്ധപ്പെട്ടുണ്ടായ കാലതാമസം മൂലമാണ് ലോൺ നൽകാൻ താമസിക്കുന്നതെന്ന് വ്യക്തമാക്കിയിരിക്കുന്നു. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 150000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് വാഹനം ലഭ്യമാക്കി വിവരം ഹാജരാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

വിവിധ പദ്ധതികൾ പ്രകാരം സ്ഥാപനങ്ങളിൽ ഒടുക്കിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | ചെലവ് തുക | ബിൽ നമ്പർ--ഡി.ഡി നമ്പർ/തീയതി | കൈപ്പറ്റിയ സ്ഥാനം |
|---|---|---|---|---|
| വി.ഇ.ഒ | പി.എം.എ.വൈ (എസ്.സി) | 14500/- | 27/16-17,27-3-17 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| വി.ഇ.ഒ | പി.എം.എ.വൈ (എസ്.റ്റി) | 61023/- | 28/16-17,27-3-17 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |
| വെറ്റി.സർജൻ | കന്നുകുട്ടി പരിപാലനം | 187500/- | D.D.no.269461/29-12-2016 | അസി.ഡയറക്ടർ<br>കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം |
| സെക്രട്ടറി | ഐ.കെ എം വിഹിതം | 24070/- | D.D.no.269587/1-12-2016 | എക്സി.ഡയറക്ടർ<br>ഐ.കെ.എം. |
| ആകെ | | 287093 | | |

വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വിവിധ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പ്രോജക്ടുകൾ- അടച്ച തുകയുടെ മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല.

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | S0032/17 | S053/17 | S052/17 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഗവ. ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | കടനാട് ഗവ. പി.എച്ച്.സി.യ്ക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ | ഗവ. ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | 200000/ | 331650/ | 100000 |
| ചെലവ് | 195242/ | 265054/ | 82465 |
| ബിൽ നമ്പർ | 2/16-17/ 30.11.16 | D D no269387/26-12-17 | 1/16-17/ 31.10.16 |
| തുക ഒടുക്കിയ ഏജൻസി | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | കേരള ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് |
| മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുക | 4758 | 66596 | 17535 |

ഏജൻസികൾക്ക് തുക കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. ആയതിനാൽ 3 പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിച്ച ആകെ തുകയിൽ ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിലയായ 88,889/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഷീ പാഡ് പദ്ധതി - തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പായില്ല

പഞ്ചായത്തിലെ രണ്ട് സ്കൂളുകളിലെ 6 മുതൽ 10-ാം ക്ലാസ് വരെയുള്ള പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിൻ വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ളതാണ് പ്രോജക്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിന് വകയിരുത്തിയ തുകയുടെ 50% തുകയായ 50,000/- രൂപ സർക്കാർ നിർദ്ദേശപ്രകാരം മുൻകൂറായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകി (ഡി.ഡി.നം.269333/31.10.2016). എന്നാൽ നാളിതുവരെ പദ്ധതി

നടപ്പാക്കിയിട്ടില്ല. പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് നടപ്പാക്കിയ ഏജൻസിയുമായി ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ പദ്ധതി നടപ്പാക്കുന്നതിനായി വനിതാ കമ്മീഷൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു പരിഗണിച്ചതിനുശേഷവും സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്ത പക്ഷം തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 50,000/- രൂപ പ്രോജക്ട് നടപ്പാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1200000 | ജലനിധി | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 1000000 | ജലനിധി | 1000000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം (പഞ്ചായത്ത് വിഹിതം) | 748/3-17 | 193400 | 193400 | 0 |
| കെ.എസ്.ഇ.ബി. | ആനയിളപ്പ് വെട്ട്പ്പറമ്പ് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 875/ 3-17 | 109752 | 109752 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ തുകയൊന്നും വരവില്ല . ഈ ഇനത്തിൽ തുകയൊന്നും തിരിച്ചടച്ചിട്ടില്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് തൻവർഷം സ്ഥിരനിക്ഷേപങ്ങൾ ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7022/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം-ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നം. തീയതി |
|---|---|---|---|---|
| 13-14/ 14-15 | 2-3 | 1408 | എ.എൻ.പ്രസന്നകുമാർ | 11601100529/6.8.16 |
| 2015-16 | 2-3 | 3982 | വി.വി.ജോയി | 11601102518/16.2.17 |
| 2015-16 | 2-4 | 1632 | യുണൈറ്റഡ് ഫിനാൻസിയേഴ്സ് | 11601102403/9.2.17 |
| ആകെ | | 7022 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| റിപ്പോർട്ട് വർഷം | ഭാഗം-ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ചു വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60607473 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52304549 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 575982 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 150000 | സജിത്ത് ഡി., വി.ഇ.ഒ. |
| 3-4 | 75523 | സജിത്ത് ഡി., വി.ഇ.ഒ. |
| 3-4 | 187500 | ഡോ.ബിനോയി ജോസഫ്, വെറ്റിനറി സർജൻ |
| 3-4 | 24070 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| 3-5 | 4758 | ഡോ.ജി.ഹരികുമാർ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-5 | 66596 | അനിറ്റ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 17535 | ഡോ.ജോത്സ്യന സദാനന്ദൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-6 | 50000 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| ആകെ | 575982 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി2/985/96 4.01.97/16.4.97 | |
| 1997-98 | എൽ.എഫ്.കെ.പി2/1253/അദാ/14(1), 26.11.14 | |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | |
| 1999-00 | എൽ.എഫ്.കെ.പി2/1253/അദാ/14(2), 08.01.15 | |
| 2000-01 | എൽ.എഫ്.കെ.പി2/1253/അദാ/14(3), 08.01.15 | |
| 2002-03 | എൽ.എഫ്.കെ.പി3/468/05, 05.06.07 | |
| 2003-04 | എൽ.എഫ്.കെ.പി3/181/04, 25.01.07, 07.02.07 | |
| 2004-05 | എൽ.എഫ്.കെ.പി3/1032/08, 19.05.09 | |
| 2005-06 | എൽ.എഫ്.കെ.പി3/230/10, 26.03.10/31.03.10 | |
| 2006-07 | എൽ.എഫ്.കെ.പി3/231/10, 26.03.10/31.03.10 | |
| 2007-08 | എൽ.എഫ്.കെ.പി3/232/10, 11.06.13 | |
| 2008-09 | എൽ.എഫ്.കെ.പി2/200/12, 01.07.13 | |
| 2009-10 | എൽ.എഫ്.കെ.പി2/203/12, 05.06.13 | |
| 2010-11 | എൽ.എഫ്.കെ.പി2/204/12 | |
| 2011-12,2012-13 | എൽ.എഫ്.കെ.പി2/943/15, 14.09.15 | 12 |
| 2013-14,2014-15 | കെ.എസ്സ്.എ.-കെ.ടി.എം.പി2/69/2016-03.06.2016 | 35 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.ടി.എം. പി.14/1338/2017 തീയതി 15.09.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം

ഫോൺ നം. 0481-2564886
ഇ-മെയിൽ – doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം